# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അമരമ്പലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 26/1961/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/10/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അമരമ്പലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 26/1961/2023 തീയ്യതി: 03/10/2023

# മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-02-2023 മുതൽ 08-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ.കെ. കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2023 | 19-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-08-2023 | 19-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)ശ്രീ. അബ്ദുൽ ജലീൽ ടി.പി

2)ശ്രീ. മുഹമ്മദ് സലീം ടി, അസി. ഓഡിറ്റ് ഓഫീസർ

3)ശ്രീ. റഷീദ് വി, സിനിയർ ഗ്രേഡ് ഓഡിറ്റർ.

4)ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഇല്ലിക്കൽ ഹുസൈൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഷാജു.പി.ബി | സെക്രട്ടറി | 01-04-2022 | 12-01-2023 |
| ശ്രീ. മഹേഷ്കുമാർ എൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-01-2023 | 27-01-2023 |
| ശ്രീമതി. റെനി സൈമൺ | സെക്രട്ടറി | 28-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിനു.കെ.സി | അസി. സെക്രട്ടറി | 01-04-2022 | 30-09-2022 |
| ശ്രീ.മഹേഷ്കുമാർ എൻ.കെ | അസി. സെക്രട്ടറി | 01-10-2022 | 31-03-2023 |
| ശ്രീ.സമീർ.വി.എം | കൃഷി ഓഫീസർ | 01-04-2022 | 22-07-2022 |
| ശ്രീ. ശിഹാബ് എം | കൃഷി ഓഫീസർ | 23-07-2022 | 31-03-2023 |
| ഡോ.ഷിജോയ്.വി.എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.വിലാസിനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഹസീന.എൻ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ.റഹ്മാൻ .കെ.സി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. സവിത പി.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 23-04-2022 | 31-03-2023 |
| ശ്രീ.ശരത് ഭാസ്കർ | വി. ഇ. ഒ | 01-04-2022 | 31-03-2023 |
| ഡോ.ജിബിൻ ജോർജ്.ടി | വെറ്ററിനറി സർജൻ | 01-04-2022 | 02-05-2022 |
| ഡോ. ജിനു ജോൺ | വെറ്ററിനറി സർജൻ | 03-05-2022 | 31-03-2023 |
| ശ്രീ. ശ്രീജിത് കുമാർ എം | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൽ കാസിം പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സജീത ടി.വി | ഡയറി എക്സ്റ്റൻഷൻ | 01-04-2022 | 16-11-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി. ദിവ്യ ജി.എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-11-2022 | 05-02-2023 |
| ശ്രീമതി. നസീമ കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 06-02-2023 | 31-03-2023 |
| ഡോ. പ്രമോദ് വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 22-04-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകക**ൾ** തമ്മി**ൽ** പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റ**ർ** കാലികമാക്കിയില്ല. | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 8 | പദ്ധതി അവലോകനം. | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമപദ്ധതികൾ | 1-7 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 14 | തനത് വരുമാന സമാഹരണം - അവലോകനം. | 1-11 |
| 15 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാ**ൻ** അവശേഷിക്കുന്ന മു**ൻ**കൂറുകൾ - അവലോകനം. | 1-12 |
| 16 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടം ക്രമൽക്കരിച്ച് നമ്പർ അനുവദിച്ചു. | 1-13 |
| 17 | പി.എച്ച്.സി, പരിരക്ഷ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-14 |
| 18 | മരുന്നു ലഭ്യമായില്ല | 1-15 |
| 19 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | 1-16 |
| 20 | ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-17 |
| 21 | പാലിന് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-18 |
| 22 | ക്ലീൻ കേരള കമ്പനിക്ക് മാലിന്യം കയറ്റി അയക്കൽ - ജി എസ് ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചു. | 1-19 |
| 23 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി; 13401 രൂപയുടെ അധികച്ചെലവ്. | 1-20 |
| 24 | കിണറിന് മുകളിൽ ഗ്രിൽ സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി; 7856 രൂപയുടെ അധികച്ചെലവ്. | 1-21 |

| | | |
|---|---|---|
| 25 | ഡ്രൈനേജ് പ്രവൃത്തി- കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 17896 രൂപ | 1-22 |
| 26 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല; നഷ്ടം 164787 രൂപ | 1-23 |
| 27 | പി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകൾ- സ്റ്റോക്ക് അപാകതകൾ | 1-24 |
| 28 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം പദ്ധതി-അപാകതകൾ | 1-25 |
| 29 | വിദ്യാർത്ഥികളുടെ കായിക വികസനം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-26 |
| 30 | കേരളോത്സവം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി; 13401 രൂപയുടെ അധികച്ചെലവ്. | 3-1 |
| 2 | കിണറിന് മുകളിൽ ഗ്രിൽ സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി; 7856 രൂപയുടെ അധികച്ചെലവ്. | 3-2 |
| 3 | ഡ്രൈനേജ് പ്രവൃത്തി- ബെഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 17896 രൂപ | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് അമരമ്പലം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 1/1 (11.07.2023) തീരുമാന പ്രകാരം തയ്യാറാക്കി 29.07.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള അമരമ്പലം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം& എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, അമരമ്പലം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : മലപ്പുറം
തീയതി: 03-10-2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (₹1,63,44,008/-), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹5,06,84,559/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ

ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1 (1)/25-03-2022 | 3(1)/01-03-2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 50676378 |
| വരവ് | 269621128 |
| ആകെ | 320297506 |
| ചെലവ് | 218936569 |
| നീക്കിയിരിപ്പ് | 101360937 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 41452125 | 41452125 | 40200338 | 1251787 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10390505 | 10390505 | 9568669 | 821836 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2834992 | 2834992 | 2834992 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 21689000 | 21689000 | 12091641 | 9597359 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 9407000 | 9407000 | 5828288 | 3578712 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺടൈഡ് ബേസിക്) | 0 | 7294252 | 7294252 | 4537935 | 2756317 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(റൈഡ്) | 0 | 16406568 | 16406568 | 7584274 | 8822294 |
| ബി ഫണ്ട് | 0 | 56536900 | 56536900 | 56536900 | 0 |

കുറിപ്പ്:-

മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് ചെലവ്, സുലേഖ പത്രിക, ഗ്രാന്റ് സ്റ്റേറ്റുമെന്റ് എന്നിവ പ്രകാരം ആകെ 5478000/-ആണ് . എന്നാൽ AFS, ACR എന്നിവ പ്രകാരം 5828288/-രൂപയാണ്

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | | | (എണ്ണം) | | ശതമാനം |
| 255 | 253018803 | 191 | 124152085 | 48 | 16 | 74.9 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 58715 | 1023293 | 1082008 | 1029393 | 52615 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 27374362 | 27374362 | 27374362 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 5243000 | 474 |
| വിധവാപെൻഷൻ | 17969800 | 1658 |
| വാർദ്ധക്യകാലപെൻഷൻ | 26032700 | 2642 |
| വികലാംഗപെൻഷൻ | 5847800 | 559 |
| വിവാഹധനസഹായം | 120000 | 4 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള ധനസഹായം | 1283600 | 118 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.08.2023 ന് 11.14 Am മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 361/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.കേന്ദ്ര സംസ്ഥാന സർക്കാറുകൾ, വിവിധ ഏജൻസികൾ, മറ്റു സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകകളുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപറിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.സാധനങ്ങളും സേവനങ്ങളും വാങ്ങുതിന് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മോത്തത്തിലുള്ള കണക്ക് വാർഷാരംഭത്തിൽ തയ്യാറാക്കി സമാഹരണം നടത്തുന്നില്ല.

3.സ്റ്റന്റിംഗ് കമ്മിറ്റികൾ പദ്ധതികൾ നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതൊഴികെ തുടർന്നുള്ള മോണിറ്ററിംഗ് നടത്തുന്നില്ല. പ്രൊജക്റ്റുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.11.2022 | 10/2022 | 18.11.2022 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.2019 To 21.01.2019 | 2013-2014 മുതൽ 2017-18 വരെ | 08.03.2019 |

## 1-11 തനത് വരുമാന സമാഹരണം - അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി അമരമ്പലം ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം .

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. 06.10.2022 ലെ 2ാം നമ്പർ തീരുമാന പ്രകാരവും 08.12.2022 ലെ 2ാം നമ്പർ തീരുമാന പ്രകാരവും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ അടക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ആയത് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഓഡിറ്റ് വർഷത്തിൽ21 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അമരമ്പലം ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 13.04.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 3(1) നമ്പർ തീരുമാന പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നു കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി, മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ചാണ് ഓരോ കെട്ടിട വിഭാഗത്തിന്റേയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്യേണ്ടത്. എന്നാൽ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും നിശ്ചയിച്ചു കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ (സ.ഉ.(അച്ചടി) നം.25/2023/LSGD തീയതി.05.04.2023) ഏറ്റവും കുറഞ്ഞ നിരക്കാണ് ഭൂരിപക്ഷം കെട്ടിടങ്ങൾക്കും നിരക്ക് നിശ്ചയിച്ച് പ്രാഥമിക നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളത്.

3). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (കരട്) 11.05.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 3(2) നമ്പർ തീരുമാന പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന

ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ ഇപ്രകാരമാണോ മേഖലകൾ തിരിച്ചിട്ടുള്ളത് എന്നത് വ്യക്തമല്ല. നാല് റോഡുകളുടെ (തൊണ്ടി മുതൽ കോട്ടപ്പുഴ വരെയുള്ള പി.ഡബ്ല്യൂ.ഡി റോഡ്, അഞ്ചാം മൈൽ മുതൽ അമരമ്പലം പഞ്ചായത്ത് അതിർത്തി വരെയുള്ള പി.ഡബ്ല്യൂ.ഡി റോഡ്, പൂക്കോട്ടുംപാടം ആനന്ദ് നഗർ - ചേലോട് അതിർത്തി വരെയുള്ള റോഡ്, പൂക്കോട്ടുംപാടം ടൗൺ മുതൽ വേങ്ങാപരത വരെയുള്ള റോഡ്) ഇരുവശത്തേയും 100 മീറ്റർ പ്രദേശങ്ങൾ മാത്രമാണ് പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന പ്രദേശങ്ങൾ (കോളനി പ്രദേശങ്ങൾ ഒഴികെ) ദ്വിതീയ മേഖലയിലും ഗ്രാമപഞ്ചായത്തിലെ കോളനി പ്രദേശങ്ങൾ മുഴുവൻ ത്രിതീയ മേഖലയിലും ഉൾപ്പെടുത്തി. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.

4). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല.

5). പുതുക്കിയ വസ്തുനികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനം 05.07.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 2(1) നമ്പർ തീരുമാന പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്.

6). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 897 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

അമരമ്പലം ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്ജ് .

അമരമ്പലം ഗ്രാമപഞ്ചായത്തിലുള്ള കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഇല്ല.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി

നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടും അല്ലെങ്കിൽ കൈവശക്കാരനോട്ടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

ലൈസൻസ് ഫീസ്.

2022-23 സാമ്പത്തിക വർഷത്തിൽ 616 സ്ഥാപനങ്ങളിൽ നിന്നായി 2,89,450/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ലൈസൻസ് എടുക്കേണ്ടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

സിനിമാ തിയേറ്ററുകളിൽ നിന്നുള്ള നികുതി വരവ് .

ഗ്രാമപഞ്ചായത്തിൽ ഗ്യാലക്സി സിനിമാസ് എന്ന പേരിൽ ഒരു തിയേറ്റർ പ്രവർത്തിക്കുന്നുണ്ട്. ഈ തിയേറ്ററിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ വിനോദ നികുതിയിനത്തിൽ 777785/- രൂപ വരവ് ലഭിച്ചിട്ടുണ്ട്.

(ഓഡിറ്റ് എൻക്വയറി നമ്പർ.24/19.08.2023 - മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ , പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ 10/1.8.2023] നൽകുകയും, ആയതിന് സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിക്കുകയും ചെയ്താണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | 115/18, ചേലോട് വാർഡിലെ വിവിധ ഭാഗങ്ങളിൽ | 2017-18 | KWA | 350000 | Development Fund(CFC Basic Grant ) | 312478 | 37522 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതി | | | | | | |
| 2 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ 6/19 | 2018- 2019 | KWA | 100000 | -Do- | 91745 | 8255 |
| 3 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ 5/19 | 2018- 2019 | KWA | 145000 | -Do- | 134343 | 10657 |
| 4 | കോഴിശ്ശേരിക്കുന്ന് അംഗനവാടി കുടിവെള്ള കനക്ഷൻ | 2018- 2019 | KWA | 15000 | തനത് ഫണ്ട് | 0 | 15000 |
| 5 | കോഴിശ്ശേരിക്കുന്ന് അംഗനവാടി കുടിവെള്ള കനക്ഷൻ | 2019-2020 | KWA | 2000 | -Do- | 0 | 2000 |
| 6 | പുല്ലുപറമ്പ് അംഗനവാടി കുടിവെള്ള കനക്ഷൻ | KWA | 2019-2020 | 13000 | -Do- | 0 | 13000 |
| 7 | ചെട്ടിപ്പാടം ബദൽ സ്കൂൾ കുടിവെള്ള കനക്ഷൻ | KWA | 2019-2020 | 15000 | -Do- | 0 | 15000 |
| 8 | ചെട്ടിപ്പാടം അംഗനവാടി കുടിവെള്ള കനക്ഷൻ | KWA | 2019-2020 | 15000 | -Do- | 0 | 15000 |
| 9 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ 5/19 | KWA | 2019-2020 | 3000000 | Development Fund(CFC Basic Grant ) | 2448973 | 551027 |
| 10 | സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും | KSB | 2021-22 | 2199756 | -Do- | 0 | 2199756 |
| ആകെ | | | | | | | 2867217 |

മേൽ പ്രവൃത്തികളിലായി 2867217/- രൂപ വിവിധ ഏജൻസികളിൽ നിന്നും തിരിച്ച് ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-13 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടം ക്രമൽക്കരിച്ച് നമ്പർ അനുവദിച്ചു.

ഗ്രാമപഞ്ചായത്ത് 2022-23 സാമ്പത്തിക വർഷത്തിൽ നമ്പർ അനുവദിച്ച/വസ്തു നികുതി നിർണ്ണയിച്ച വിവിധ കെട്ടിടങ്ങളുടെ നമ്പറിംഗ്/വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ, ചുവടെ ചേർത്ത ഫയൽ പ്രകാരമുള്ള നിർമ്മാണം ക്രമവൽക്കരിച്ച നമ്പർ അനുവദിച്ചതിൽ ഗ്രാമപഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് കണ്ടെത്തി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നം | കെട്ടിടത്തിന്റെ തരം, അനുവദിച്ച കെട്ടിട നമ്പറുകൾ | കെട്ടിട ഉടമ | കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചത് |
|---|---|---|---|
| SC3-4343/2022 /05.09.22 | വാണിജ്യ കെട്ടിടം. | ശ്രീ. ഷിബു മുസ്ലിയാരകത്ത്, | 1220302485/13.10.2022 പ്രകാരം 491.88 ച.മീ വിസ്തീർണ്ണം 20 രൂപ |

| | | | |
|---|---|---|---|
| | നിലവിലുള്ള 165ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 163.4ച.മീറ്ററും, രണ്ടാം നിലയിൽ 163.4 ച.മീ.ഉം ആയുള്ള നിർമ്മാണം ക്രമവൽക്കരിച്ച് 19/460B,C,D(ഒന്നാം നില) , E,F.G(രണ്ടാം നില) കെട്ടിട നമ്പറുകൾ അനുവദിച്ചു.<br>ആകെ വിസ്തീർണ്ണം 491.8 ച.മീ ആയി. | തൊട്ടേക്കാട് | നിരക്കിൽ ക്രമവൽക്കരണ ഫീസ് ആയി 9838 രൂപ ഈടാക്കി ക്രമവൽക്കരിച്ചു |

സ്ഥലം പരിശോധിച്ച എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ 17.09.22ലെ റിപ്പോർട്ട് പ്രകാരം നിർമ്മാണത്തിൽ ചുവടെ ചേർത്ത അപാകതകൾ നില നിൽക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. നിലവിൽ സൈറ്റിലെ കെട്ടിടത്തിന്റെ പുറക് വശത്തെ പഴയ PWD റോഡിൽ നിന്നും മതിയായ സെറ്റ് ബാക്ക് ഇല്ലാതെയാണ് പുതിയ നിർമ്മാണം നടത്തിയിരിക്കുന്നത്. കെട്ടിടത്തിന്റെ മുൻവശത്തെ വരാന്ത അധികമായി ഗ്ലാസ് ഇട്ട് നിർമ്മിച്ചതിനാൽ ടി വശത്ത് PWD റോഡിൽ നിന്നും 2.3 മീറ്റർ മാത്രമാണ് അകലം. ആയത് പ്രകാരം ചട്ടപ്രകാരമുള്ള സെറ്റ് ബാക്കുകൾ മുൻവശത്തും പിൻവശത്തും ലഭ്യമല്ല.

2. പുതിയ നിലകൾ നിർമ്മാണം പൂർത്തീകരിച്ചതിനാൽ ആയത് പ്രകാരമുള്ള, ആകെ ബിൽഡ് അപ് ഏരിയക്കുള്ള വാഹന പാർക്കിംഗ് സൗകര്യം സൈറ്റിൽ ലഭ്യമല്ല.

3. കെട്ടിടത്തിന്റെ മൊത്തം ഏരിയക്ക് ആവശ്യമായ ശുചിമുറികൾ, അംഗപരിമിതർക്കുള്ള ടോയ്ലറ്റ് തുടങ്ങിയവ നിർമ്മിച്ചിട്ടില്ല.

മേൽ അപാകതകൾ നില നിൽക്കുന്നതിനാൽ ആയവ സൂചിപ്പിച്ച് കൊണ്ടും, ആയവ പരിഹരിക്കുന്ന മുറക്ക് മാത്രം ടി അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് 28.09.2022ന് 400837/BRMC01/GPO/2022/434(1) നമ്പർ കത്ത് പ്രകാരം അപേക്ഷകനെ അറിയിച്ചിരുന്നതാണ്. എന്നാൽ തുടർന്ന് അപാകതകൾ പരിഹരിക്കാതെ, ആറ് മാസത്തിനകം മതിയായ പാർക്കിംഗ് സൗകര്യം ഒരുക്കുന്നതാണെന്നും മറ്റ് അപാകതകൾക്ക് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്ന രീതിയിൽ കെട്ടിടത്തിൽ മാറ്റം വരുത്തുന്നതാണെന്നും അപേക്ഷകൻ മുദ്രപത്രത്തിൽ രേഖപ്പെടുത്തി അറിയിച്ചത് പ്രകാരം 'ഗൗരവമായ നിയമ ലംഘനം ഇല്ലാത്തതിനാലും' അപേക്ഷകന്റെ സത്യപ്രസ്താവനയും പരിഗണിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് സെക്രട്ടറി കുറിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിക്കുകയാണ് ചെയ്തത്.

മേൽ കെട്ടിടത്തിന് നമ്പർ അനുവദിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടിൽ, സെറ്റ് ബാക്ക്, കാർ പാർക്കിംഗ് തുടങ്ങിയ ഗുരുതരമായ ചട്ടലംഘനങ്ങൾ നില നിൽക്കുന്നതായി സൂചിപ്പിച്ച കെട്ടിടമാണ് ചട്ടലംഘനങ്ങൾ നില നിൽക്കെ ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചത്.

2) ചട്ടം ലംഘനം നില നിൽക്കുന്ന സാഹചര്യത്തിൽ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ടി കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചതും, 'ഗൗരവമായ നിയമ ലംഘനം ഇല്ല' എന്ന് സെക്രട്ടറി വ്യക്തമാക്കിയതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്.

3) അപാകതകൾ അപേകഷകനെ അറിയിച്ച ശേഷം ആയവ പരിഹരിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതിന് ഫയൽ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ പരിശോധനക്ക് അയച്ചിട്ടില്ല. പ്ലാനുകളിൽ അസി. എഞ്ചിനിയറുടെയോ ഓവർസിയറുടെയോ അപ്രൂവൽ/സാക്ഷ്യപ്പെടുത്തൽ ഇല്ല. എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ അംഗീകാരമില്ലാതെയാണ് കെട്ടിടം ക്രമവൽക്കരിച്ചത്.

4) ആറ് മാസത്തിനകം മതിയായ പാർക്കിംഗ് സൗകര്യം ഒരുക്കുന്നതാണെന്നും മറ്റ് അപാകതകൾക്ക് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്ന രീതിയിൽ കെട്ടിടത്തിൽ മാറ്റം വരുത്തുന്നതാണെന്നും അപേക്ഷകൻ മുദ്രപത്രത്തിൽ രേഖപ്പെടുത്തി അറിയിച്ചിരുന്നതാണ്. തുടർന്ന് കെട്ടിടത്തിൽ മതിയായ കാർ പാർക്കിംഗ് ഉൾപ്പടെ ചട്ടപ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ എന്നതും ഗ്രാമപഞ്ചായത്ത് പരിശോധിച്ചിട്ടില്ല.

5) 326.8 ച.മീ. ആണ് പുതിയ നിർമ്മാണം എന്നാണ് പ്ലാനുകളിലും മറ്റും രേഖപ്പെടുത്തിയത്. എന്നാൽ പ്ലാനിൽ നിലവിലുള്ള ഗ്രൗണ്ട് ഫ്ലോർ എന്ന് രേഖപ്പെടുത്തിയ 165ച.മീ. ഏരിയ ഉൾപ്പടെ 491.88 ച.മീ വിസ്തീർണ്ണം 20 രൂപ നിരക്കിൽ ക്രമവൽക്കരണ ഫീസ് ആയി 9838 രൂപ ഈടാക്കി ക്രമവൽക്കരിച്ചിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോറിന് മുൻപ് നമ്പർ അനുവദിച്ചിട്ടുള്ളതാണെങ്കിൽ ടി കെട്ടിട നമ്പർ ലഭ്യമാക്കേണ്ടതും ആയത് ഉൾപ്പടെ ഇപ്പോൾ ക്രമവൽക്കരിച്ചത് എപ്രകാരമാണെന്നും അല്ലായെങ്കിൽ പ്ലാനിൽ നിലവിലുള്ള ഗ്രൗണ്ട് ഫ്ലോർ എന്ന് രേഖപ്പെടുത്തിയതിന് കാരണം

വ്യക്തമാക്കേണ്ടതുമാണ്.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 22/2022-23/19.08.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, അപാകതകൾ നില നിൽക്കെ മേൽ കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. കെട്ടിടം പരിശോധിച്ച് ചട്ട ലംഘനങ്ങൾ പരിഹരിച്ചിട്ടുണ്ടോ എന്നതും മുൻപ് പരാമർശിച്ച അപാകതകൾ കൂടാതെ മറ്റ് ചട്ടലംഘനങ്ങൾ സൈറ്റിൽ നിലനിൽക്കുന്നുണ്ടോ എന്നതുൾപ്പടെയുള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനിയറുടെ റിപ്പോർട്ട് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതും നിയമ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-14 പി.എച്ച്.സി, പരിരക്ഷ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ-പി.എച്ച്.സി നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് KMSCLന് പണം അനുവദിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നം .19/23-PHC ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 7,00,000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് - 7,00,000/-

ബിൽ നം - BRN 221507520270005932 47/29.09.22

PRF1303/13.09.22 ന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരമുള്ള തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ചുവടെ പട്ടികയിൽ ചേർത്ത വിവിധ ഇൻവോയ്സുകൾ പ്രകാരം ആകെ 500987/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുള്ളത്. 199013 രൂപയുടെ മരുന്നുകൾ ലഭ്യമാവാനവശേഷിക്കുന്നുണ്ട്.

| ഇൻവോയ്സ് നമ്പർ/ തീയതി | തുക |
|---|---|
| 17591/18-11-2022 | 7840 |
| 18433/23-11-2022 | 13532 |
| 18706/25-11-2022 | 54137 |
| 18710/25-11-2022 | 22176 |
| 18945/26-11-2022 | 74424 |
| 20185/15-12-2022 | 2419 |
| 20614/19-12-2022 | 36361 |
| 20689/20-12-2022 | 3575 |
| 20836/21-12-2022 | 12040 |
| 21208/24-12-2022 | 6496 |
| 22390/07-01-2023 | 5895 |
| 23134/16-01-2023 | 22176 |
| 24687/13-02-2023 | 6160 |
| 25143/21-02-2023 | 4904 |
| 26697/10-03-2023 | 37212 |
| 27107/16-03-2023 | 18816 |
| 1178/24-04-2023 | 103352 |
| 5538/23-05-2023 | 11427 |
| 8762/13-06-2023 | 13468 |
| 10718/27-06-2023 | 14838 |
| 4726/06-07-2023 | 21207 |
| 14652/29-07-2023 | 8512 |

| | |
|---|---|
| ആകെ | 500987 |

2) പദ്ധതി നം.23/23-പരിരക്ഷ പദ്ധതി

അടങ്കൽ - 8,00,000/-(വികസന ഫണ്ട് ജനറൽ)

ചെലവ് - 6,66,377/-

(A) വിവിധ ബില്ലുകൾ പ്രകാരം ചെലവ് ചെയ്ത ആകെ 6,66,377/- രൂപയിൽ, PRF1029/16.08.22 ന്റെ അടിസ്ഥാനത്തിൽ ബിൽ നം. BRN 22150752027000593251/29.09.22 പ്രകാരം KMSCLന് അനുവദിച്ച 188200/- രൂപയിൽ ചുവടെ പട്ടികയിലെ വിവിധ ഇൻവോയ്സുകൾ പ്രകാരം ആകെ 156756 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായി സ്റ്റോക്കിലെടുത്തത്. 31444/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനവശേഷിക്കുന്നുണ്ട്.

| ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|
| 17768/19-11-2022 | 11440 |
| 18256/23-11-2022 | 66082 |
| 25377/22-02-2023 | 706 |
| 2629/09-05-2023 | 4663 |
| 5521/23-05-2023 | 39502 |
| 8394/09-06-2023 | 14657 |
| 12918/15-07-2023 | 431 |
| 13395/19-07-2023 | 19275 |
| ആകെ | 156756 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.15/2022-23/18/08/23ന് ലഭ്യമാക്കിയ മറുപടിയിൽ, മരുന്നുകൾ ലഭ്യമാക്കാനവശേഷിക്കുന്ന തുകക്കുള്ള മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് വിവരം ഓഡിറ്റിന് ലഭ്യമാക്കുന്നതാണ് എന്നറിയിച്ചു. മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-15 മരുന്നു ലഭ്യമായില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനു ഹോംക്കോക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല എന്ന് കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ബിൽ നമ്പർ | തുക | മരുന്ന് ലഭ്യമായതിന്റെ വിവരം | |
|---|---|---|---|---|
| | | | ഇൻവോയിസ് | തുക |
| ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ(32/23) | 22150752027200275548/ 5.7.2022 | 300000 | 7/2.5.2023 | 126572 |

173428 രൂപയുടെ മരുന്ന് കൂടി ലഭ്യമാകാനുണ്ട്. ആയത് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ( 13/17.08.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല.)

## 1-16 ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|---|
| 1 | KSEB | 115/22-23 കോഴിശ്ശേരിക്കുന്ന് കോളനിയിലേക്ക് ലൈൻ നീട്ടൽ (പ്ലാൻ ഫണ്ട്) | 42201761 Dated 31.3.2023 | 108324 |
| 2 | KSEB | 109/22-23 സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ | 42201762 Dated 31.3.2023 | 1999888 |

| | | | | |
|---|---|---|---|---|
| | | സ്ഥാപിക്കലും (പ്ലാൻ ഫണ്ട്) | | |
| 3 | KSEB | -Do- (ധനകാര്യകമ്മീഷൻ അവാർഡ്) | 42201763 Dated 31.3.2023 | 25016 |
| | | ആകെ | | 21,33,228 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. സാക്ഷ്യപത്രം ലഭ്യമാക്കും വരെ 2133228/-രൂപ തടസ്സം ചെയ്യുന്നു.

## 1-17 ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് പാർപ്പിട പദ്ധതി പ്രകാരം വിവിധ വർഷങ്ങളിൽ ധനസഹായം കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന 9 ഗുണഭോക്താക്കൾ ഓഡിറ്റ് തിയ്യതി വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പേര്, മേൽവിലാസം | അനുവദിച്ച തുക | | ആകെ |
|---|---|---|---|---|
| | | ബിൽ/ചെക്ക് നമ്പർ & തിയ്യതി | തുക | |
| 1 | ശോഭന W/o. സുരേഷ്, പടിക്കൽ ഹൗസ്. വാർഡ് 9. | 615897 തി. 10.11.2021 | 40,000 | 1,60,000 |
| | | KURDFC Loan തി. 21.06.2022 | 1,20,000 | |
| 2 | കുഞ്ഞൻ & ശ്രീദേവി, വെള്ളശ്ശേരി ഹൗസ്, വാർഡ് 1. | KURDFC Loan തി. 19.07.2022 | 60,000 | 60,000 |
| 3 | കുഞ്ഞീവി, D/o. ബീരാൻ, ചെമ്പകത്ത് ഹൗസ്, കണ്ണച്ചൻകുന്ന്, തോട്ടേക്കാട്. | 01/2018-19 തി. 25.06.2018 | 40,000 | 40,000 |
| 4 | പാത്തുമ്മ കണ്ടിയിൽ, D/o. ആലിക്കുട്ടി കണ്ടിയിൽ ഹൗസ്, പറയങ്ങാട്, പൂക്കോട്ടുംപാടം. | 01/2018-19 തി. 25.06.2018 | 40,000 | 40,000 |
| 5 | ശ്രീകുമാർ, S/o.ശിവരാമൻ, ഇല്ലിപറമ്പിൽ ഹൗസ്, വാർഡ് 6. | ലഭ്യമല്ല. തി. 29.07.2021 (സംസ്ഥാനാവിഷ്കൃത ഫണ്ട്) | 40,000 | 40,000 |
| 6 | ഗിരിജ, W/o.ബാബു, സായ്‌വിള ഹൗസ്, വാർഡ് 7. | 387651 തി. 13.09.2021 | 40,000 | 40,000 |
| 7 | രജനി, W/o.വിജയൻ, കട്ടിക്കുന്നമ്മൽ ഹൗസ്, വാർഡ് 10. | 387651 തി. 13.09.2021 | 40,000 | 1,40,000 |
| | | ലഭ്യമല്ല. തി. 29.03.2019 (സംസ്ഥാനാവിഷ്കൃത ഫണ്ട്) | 1,00,000 | |
| 8 | വിലാസിനി, W/o.ചന്ദ്രൻ, വഴിമൂച്ചിക്കൽ ഹൗസ്, വാർഡ് 6. | ലഭ്യമല്ല തി. 29.07.2021 (സംസ്ഥാനാവിഷ്കൃത ഫണ്ട്) | 40,000 | 1,40,000 |
| | | 183796 തി. 24.02.2022 | 40,000 | |
| | | ലഭ്യമല്ല. തി. 14.05.2022 (സംസ്ഥാനാവിഷ്കൃത ഫണ്ട്) | 60,000 | |
| 9 | സുരേഷ് ബാബു, കുഴിവള്ളി ഹൗസ്, ചെട്ടിപ്പാടം, വാർഡ് 10. | 26/2020-21 തി. 24.02.2021 | 40,000 | 1,60,000 |
| | | KURDFC Loan തി. 21.06.2022 | 1,20,000 | |

ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ :09/16.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 പാലിന് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 231/23 |
| പ്രൊജക്ടിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ തുക | 17,50,000/- രൂപ. |
| വിനിയോഗിച്ച തുക | 13,99,277/- രൂപ. (699289 – വികസന ഫണ്ട് ജനറൽ, 699988-ബ്ലോക്ക് പഞ്ചായത്ത് |

| | |
|---|---|
| | വിഹിതം ) |
| ബിൽ നമ്പർ / തിയ്യതി | 2215075202940109730З/27.01.2023 – 3,03,393/- രൂപ. |
| | 22150752029401097309/27.01.2023 – 32,433/- രൂപ. |
| | 22150752029401097321/27.01.2023 – 1,79,413/- രൂപ. |
| | 22150752029401125228/02.02.2023 – 99,078/- രൂപ. |
| | 22150752029401135154/03.02.2023 – 33,138/- രൂപ. |
| | 22150752029401359085/15.03.2023 – 51,834/- രൂപ. |
| | 22150752029401056195/17.01.2023 – 1,82,418/- രൂപ. |
| | 22150752029401359068/15.03.2023 – 3,49,988/- രൂപ. |
| | 22150752029401056197/17.01.2023 – 47,591/- രൂപ. |
| | 22150752029401056189/17.01.2023 – 1,19,991/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് അവർ പാൽ നൽകുന്ന ക്ഷീരോൽപ്പാദക സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ലിറ്ററിന് മൂന്ന് രൂപ നിരക്കിലാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022) ഖണ്ഡിക 6.3(9) പ്രകാരം ഒരു ക്ഷീര കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000/- രൂപയാണ്. എന്നാൽ ശ്രീ.അലവി.കെ, കുരുണിയൻ ഹൗസ് (A/c No. 40149100110170) എന്ന ക്ഷീര കർഷകന് താഴെ പറയും പ്രകാരം 43,864 /- രൂപ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | അനുവദിച്ച തുക |
|---|---|---|
| 1 | 22150752029401097303/27.01.2023 | 32,367/- രൂപ. |
| 2 | 22150752029401359068/15.03.2023 | 11,497/- രൂപ. |
| ആകെ | | 43,864/- രൂപ. |

അധികമായി അനുവദിച്ച 3,864/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

2). മുതീരി ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം ശ്രീ.അലവി.എ, ആനുക്കാടൻ എന്ന ക്ഷീര കർഷകന് (A/c No. 40132100109632) 2022 ആഗസ്റ്റ് മാസത്തിൽ 374 ലിറ്റർ പാലാണ് നൽകിയിട്ടുള്ളത്. എന്നാൽ 564 ലിറ്റർ പാലിനാണ് ഈ മാസത്തിൽ സബ്സിഡി അനുവദിച്ചിട്ടുള്ളത്. (BRN. 22150752029401359085/15.03.2023, Sl.No.5). 190 ലിറ്റർ പാലിന് അധികമായി അനുവദിച്ച സബ്സിഡി തുകയായ 570/- രൂപ (190 X 3) തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

3). ഉള്ളാട് ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം ശ്രീമതി. കനകവല്ലി.കെ.വി, പാലപറമ്പത്ത് ഹൗസ് എന്ന ഗുണഭോക്താവിന് (A/c No. 40132101004650) 2022 നവംബർ മാസത്തിൽ 343 ലിറ്റർ പാലാണ് നൽകിയിട്ടുള്ളത്. എന്നാൽ 393 ലിറ്റർ പാലിനാണ് സബ്സിഡി നൽകിയിട്ടുള്ളത്. (BRN. 22150752029401056195/17.01.2023, Sl.No.55). അധികമായി അനുവദിച്ച 150/- രൂപ (50 X 3) തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

4). വേങ്ങാപ്പരത ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം ശ്രീമതി. സുമ എന്ന ഗുണഭോക്താവ് (A/c No. 40132100111996) 2022 സെപ്റ്റംബർ മാസത്തിൽ 92 ലിറ്റർ പാലാണ് നൽകിയിട്ടുള്ളത്. എന്നാൽ 195 ലിറ്റർ പാലിനാണ് സബ്സിഡി നൽകിയിട്ടുള്ളത്. (BRN. 22150752029401095730З/27.01.2023, Sl.No.33). അധികമായി അനുവദിച്ച 309/- രൂപ (103 X 3) തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

5). 27.01.2023 ലെ 22150752029401097303 നമ്പർ ബില്ല് പ്രകാരം വേങ്ങാപ്പരത ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ പാൽ നൽകിയിട്ടുള്ള രണ്ട് ഗുണഭോക്താക്കൾക്ക് താഴെ പറയും പ്രകാരമുള്ള പാലിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ. | ഗുണഭോക്താവിന്റെ പേര് | ഒക്ടോബർ 2022 | നവംബർ 2022 | ഡിസംബർ 2022 | ആകെ | സബ്സിഡി തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ശ്രീ.ഷാജി ജോസഫ്, മുണ്ടമറ്റം. | 1077 | 1406 | 2400 | 4883 | 14649 |
| 2 | ശ്രീമതി. ആസ്യ, കുന്നച്ചൻ | 0 | 1896 | 2206 | 4102 | 12306 |
| ആകെ | | 1077 | 3302 | 4606 | 8985 | 26955 |

എന്നാൽ വേങ്ങാപ്പരത ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നും ലഭ്യമാക്കിയ പാലളവ് സ്റ്റേറ്റ്മെന്റിൽ ഈ ക്ഷീരകർഷകരുടെ പാലിന്റെ അളവുകൾ വായിച്ചെടുക്കാൻ സാധിക്കാത്ത രീതിയിൽ വെട്ടിത്തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. പാലിന്റെ അളവ് സംബന്ധിച്ചുള്ള കൃത്യമായ വിവരം ലഭ്യമാക്കേണ്ടതാണ്. അനുബന്ധ രേഖകൾ വ്യക്തതയോടെ സൂക്ഷിക്കേണ്ടതാണ്.

6). ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് അവർ പാൽ നൽകുന്ന ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന്റെ പാലളവ് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ജൂലൈ മാസം ഒഴികെയുള്ള മാസങ്ങളിലെ പാലിനാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഉള്ളാട്, ഒളർവട്ടം, അമരമ്പലം, വേങ്ങാപ്പരത, കരുളായി, ഏമങ്ങാട്, മുതീരി, പൂക്കോട്ടുംപാടം, മൈലമ്പാറ എന്നീ ക്ഷീരസംഘങ്ങളിലാണ് കർഷകർ പാൽ നൽകിയിരിക്കുന്നത്. ജൂലൈ മാസത്തെ സബ്സിഡി ക്ഷീര വികസന വകുപ്പ് മുഖേന നൽകിയതിനാലാണ് (BRN 22151314002900536547 Dt: 14.09.2022 – 6,06,304/- , 540 ഗുണഭോക്താക്കൾ) ജൂലൈ മാസം ഒഴിവാക്കാൻ കാരണം. ഈ ക്ഷീര സംഘങ്ങളിൽ ഏമങ്ങാട് ക്ഷീര സംഘത്തിൽ പാലളന്ന 18 കർഷകർക്ക് മാത്രം ജൂലൈ മാസത്തെ സബ്സിഡി തുകയായി 2593 ലിറ്റർ പാലിന് 3 രൂപ നിരക്കിൽ 7,779/- രൂപ അനുവദിച്ചിട്ടുണ്ട്. ഏമങ്ങാട് ക്ഷീര സംഘത്തിലെ കർഷകർക്ക് മാത്രം ജൂലൈ മാസത്തെ സബ്സിഡി ഈ പ്രൊജക്റ്റിലൂടെ നൽകുവാനുള്ള കാരണം വ്യക്തമല്ല.

ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള ഉപഖണ്ഡികകൾ പ്രകാരമുള്ള നഷ്ട തുകയായ 4,893/- രൂപ (3864 + 570 + 150 + 309) ഉത്തരവാദികളായ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. ക്രമ നമ്പർ 5, 6 ഉപഖണ്ഡികകൾ പ്രകാരമുള്ള പരാമർശങ്ങൾക്ക് തൃപ്തികരമായ മറുപടി / രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 34,734/- രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ : 23/19.08.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-19 ക്ലീൻ കേരള കമ്പനിക്ക് മാലിന്യം കയറ്റി അയക്കൽ - ജി എസ് ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 256/23 |
| പ്രൊജക്ടിന്റെ പേര് | ക്ലീൻ കേരള കമ്പനിക്ക് 2021-22 വർഷത്തെ തരം തിരിക്കാനാവാത്ത മാലിന്യങ്ങൾ കയറ്റി അയക്കൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ തുക | 3,09,000/- രൂപ. |
| ചെലവഴിച്ച തുക | 3,02,171/- രൂപ |
| വൗച്ചർ നമ്പർ / തീയതി (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | XVFC/2022-23/P/38 തീയതി.07.01.2023 |

പദ്ധതി പ്രകാരം കിലോഗ്രാമിന് 10 രൂപ നിരക്കിലാണ് ക്ലീൻ കേരള കമ്പനിക്ക് മാലിന്യങ്ങൾ നൽകുന്നത്. ആയതിന് പുറമെ 18% ജി.എസ്.ടി കൂടി കമ്പനിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ജി എസ് ടി ബാധകമല്ല. ജി എസ് ടി ബാധകമല്ലാത്ത ഇനത്തിന് ജി.എസ്.ടി ഇനത്തിൽ അധിക തുക അനുവദിച്ച് നൽകിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 06/14.08.2023) താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.

“ക്ലീൻ കേരള കമ്പനിക്ക് മാലിന്യം കയറ്റി അയച്ചതിൽ നൽകിയ തുകയുടെ ബില്ലിൽ ജി.എസ്.ടി ചുമത്തിയിട്ടുണ്ട്. അവരുടെ ബിൽ പരിശോധിച്ചതിൽ നിന്നും HSN Code 999422 Collection Services Of Non-hazardous Recyclable Materials എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് ജി.എസ്.ടി ചാർജ് ചെയ്തിരിക്കുന്നത്. സർക്കാർ ക്ലീൻ കേരള കമ്പനിക്ക് മാലിന്യം കൈമാറുന്നതിന് നിരക്ക് നിശ്ചയിച്ച് നൽകിയ ഉത്തരവിൽ (2112/2019) ജി.എസ്.ടി ക്ക് പുറമെ 10 രൂപ നൽകുന്നതിനാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പ്രകാരവും ജി.എസ്.ടി സൈറ്റിൽ HSN Code പരിശോധിച്ചതിൽ നിന്നും ഈ ഇനത്തിന് നികുതി ബാധകമായിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. ക്ലീൻ കേരള കമ്പനിയിൽ അന്വേഷിച്ചതിൽ ക്ലീൻ കേരള കമ്പനി ബിൽ തയ്യാറാക്കുന്നതിന്റെ തൊട്ടടുത്ത മാസം 20 ാം തീയതിക്ക് മുമ്പായി ബിൽ പ്രകാരം ഉള്ള

ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്ത് അടവാക്കുന്നുണ്ട് എന്നറിയിച്ചിട്ടുണ്ട്. ജി.എസ്.ടി ബിൽ പ്രകാരം ഉള്ള തുക റിട്ടേൺ ഫയൽ ചെയ്ത് സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ട്."
പുനരുപയോഗിക്കാൻ കഴിയാത്ത Rejected Waste നെ Recyclable Materials എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് ജി.എസ്.ടി ചാർജ് ചെയ്തിരിക്കുന്നത് എന്ന മറുപടി അംഗീകരിക്കുന്നില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

കൂടാതെ, 17790 കി.ഗ്രാം മാലിന്യം കയറ്റിയയച്ചതിന്റെ തുകയായ 2,09,922/- രൂപയുടെ (17790 X 10 + 18% GST) ഇൻവോയിസ് ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-20 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി; 13401 രൂപയുടെ അധികച്ചെലവ്.

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടതിൽ ചില പ്രവൃത്തികൾക്ക് 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 8358.30/m3 (MORD-2018,C I 36.44%) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, 17-8-23 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ താഴെ പറയുന്ന 2 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ഉൾപ്പെടുത്തേണ്ടാത്തതായ പ്രവൃത്തികൾക്ക് Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 8023.96/m3 രൂപയാണ് അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി താഴെ പറയും പ്രകാരം 13401രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| 1 M3 ന് അധികം നൽകിയത് | |
|---|---|
| MORD 2018,Cost Index 36.44% പ്രകാരം | 8358.30-8023.96 = 334.34 രൂപ |

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം | പദ്ധതി വിശദാംശം | ചെയ്ത അളവ് | അധികം നൽകിയ തുക |
|---|---|---|---|
| 1 | പന്നിക്കുളം കടായിക്കൽ റോഡ് കോൺക്രീറ്റ്, 164/23<br>അടങ്കൽ: 400000 രൂപ ( വികസന ഫണ്ട് (G )<br>കരാറുകാരൻ: ശ്രീ രാജേഷ് കുമാർ പി<br>കരാർ: 35/22-23/26-10-22<br>(33.76% Below ER)<br>ചെലവ്: 397373 രൂപ<br>BRN: 221507520276011157659/7-2-23<br>അളവ് പുസ്തകം: E-M Book<br>അളവെടുത്ത തീയതി: 20-1-23 | 56.306 M3 | 56.306m3x334.34= 18825.34<br>(-)ടെണ്ടർ കുറവ്-33.76% 6355.43<br>ബാക്കി: 124669.91<br>(+) 18% GST: = 2244.58<br>ആകെ: 14714.49<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>14714.49 X 50 % = 7357.24<br>Rounded: 7357 രൂപ |
| 2 | കൊമ്പൻകല്ല് ഷംസുപ്പടി പന്തിക്കൽ റോഡ് കോൺക്രീറ്റ്, 177/23<br>അടങ്കൽ: 300000 രൂപ ( CFC ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ ജ്യോതിഷ്<br>കരാർ: 45/22-23/28-10-22<br>(31.64% Below ER)<br>ചെലവ്: 204908 രൂപ<br>വൗച്ചർ നമ്പർ: 33/22-23/11-1-23 | 28.013 M3 | 28.013m3x334.34= 9365.86<br>(-)ടെണ്ടർ കുറവ്-31.64% 2963.35<br>ബാക്കി: 6402.51<br>(+) 18% GST: = 1152.45<br>ആകെ: 7554.96<br>(കുറിപ്പ്: 20% ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്) |

| | | | |
|---|---|---|---|
| | അളവ് പുസ്തകം: E-M Book<br>അളവെടുത്ത തീയതി: 5-1-23 | | 7554.96 X 80 % = 6043.96<br>Rounded: 6044 രൂപ |
| | | ആകെ | 13401 രൂപ |

